<u>15 -ാം കേരള നിയമസഭ</u>

<u>14 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2051</u> <u>29-09-2025 - ൽ മറുപടിയ്ക്ക്</u>

<u>മിൽമ മേഖല യൂണിയനുകളിലെ നിയമനങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മിൽമ മേഖല യൂണിയനുകളിലെ നിയമനങ്ങളിൽ ക്ഷീര കർഷകരുടെ ആശ്രിതർക്ക് സംവരണം നൽകാൻ നടപടി സ്വീകരിക്കുമോ; | (എ) | മിൽമ മേഖലാ യൂണിയനുകളിലെ സ്ഥിര നിയമനങ്ങളിൽ ക്ഷീര കർഷകരുടെ ആശ്രിതർക്ക് സംവരണം ഏർപ്പെടുത്തുവാൻ അനുവാദം നൽകിക്കൊണ്ട് 22.09.2025 തീയതിയിൽ സ.ഉ.(സാധാ)നം.132/2025/ഡിഡി നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ക്ഷീര കർഷകരുടെ പ്രസ്ഥാനമായ മേഖല യൂണിയനുകളിലെ നിയമനങ്ങളിൽ നിലവിൽ ക്ഷീര സംഘം ജീവനക്കാർക്ക് സംവരണം ഉണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം എന്ന് വ്യക്തമാക്കാമോ; | (ബി) | മേഖലാ യൂണിയനിൽ അംഗത്വമുള്ള പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളിലെ സ്ഥിരം ജീവനക്കാർക്ക് കേരള സഹകരണ സംഘങ്ങൾ ചട്ടങ്ങൾ 1969-ലെ ചട്ടം 187 പ്രകാരം, മേഖലാ യൂണിയനുകളിലെ നിയമനങ്ങളിൽ 50 ശതമാനം സംവരണം നിലവിലുണ്ട്. |
| (സി) | ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ പത്ത് വർഷത്തിലേറെ ജോലി ചെയ്തു വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | സഹകരണ നിയമത്തിലെ വകുപ്പും ചട്ടങ്ങളും പ്രകാരമാണ് ക്ഷീര സഹകരണ സംഘങ്ങളിൽ നിയമനങ്ങൾ നടത്തുന്നത്. 15.12.2008 വരെയുള്ള ക്രമപ്രകാരമല്ലാത്ത (പ്രായം, യോഗ്യത ഒഴികെ) നിയമനങ്ങൾക്ക് ഇളവ് നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. 31.12.2018 വരെയുള്ള ക്രമപ്രകാരമല്ലാത്ത (പ്രായം, യോഗ്യത ഒഴികെ) നിയമനങ്ങളിൽ ഇളവ് അനുവദിക്കുന്നതു സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ